Deepika 6-11-18, P-05

# കാർഷികോപകരണങ്ങൾ സബ്സിഡിയിൽ നല്കാൻ 'സ്മാം'

ജെയിസ് വാട്ടപ്പിള്ളിൽ

തൊടുപുഴ: കാർഷികമേഖലയ്ക്ക് ഉണർവായി സ്മാം (സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ)പദ്ധതി മാറുന്നു. യന്ത്രവത്കരണത്തിലൂടെ ഉത്പാദനം കൂട്ടാൻ കേന്ദ്ര കൃഷി മന്ത്രാലയം സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ ആരംഭിച്ച പദ്ധതിയാണിത്. ആദ്യഘട്ടത്തിൽ 13.61 കോടി രൂപ അനുവദിച്ചു.

6.51 കോടി കൂടി അനുവദിച്ചേക്കും. പ്രളയത്തിൽ കൃഷി കൂടാതെ കോടിക്കണക്കിനു രൂപയുടെ കാർഷികോപകരണങ്ങളും നശിച്ചിരുന്നു. അതിന് ആശ്വാസം പകരുന്നതാണ് ഈ പദ്ധതി. ഇതുപ്രകാരം കർഷകന് 50 ശതമാനവും സൊസൈറ്റികൾ, സെൽഫ് ഹെൽപ് ഗ്രൂപ്പുകൾ എന്നിവയ്ക്ക് 80 ശതമാനവും സബ്സിഡി നിരക്കിൽ കാർഷികോപകരണങ്ങൾ വാങ്ങാനാകും.

ഇതിൽ 60 ശതമാനം കേന്ദ്രസർക്കാർ വിഹിതവും 40 ശതമാനം സംസ്ഥാന സർക്കാർ വിഹിതവുമാണ്. ഇടുക്കി-1.94 കോടി, തൃശൂർ-1.45 കോടി, വയനാട്-1.18 കോടി, പാലക്കാട്-3.12 കോടി, കണ്ണൂർ 1.34 കോടി, തിരുവനന്തപുരം-39 ലക്ഷം, കൊല്ലം-24 ലക്ഷം, പത്തനംതിട്ട-20, ആലപ്പുഴ-95, കോട്ടയം-81, എറണാകുളം-17, മലപ്പുറം-67 ലക്ഷം, കോഴിക്കോട് - 91 ലക്ഷം, കാസർഗോഡ്-24 ലക്ഷം എന്നിങ്ങനെയാണ് ഇത്തവണ ജില്ല തിരിച്ച് തുക അനുവദിച്ചിട്ടുള്ളത്.

ഇടുക്കിയിൽ മാത്രം 1,783 കർഷകരിൽനിന്നും 26 സൊസൈറ്റികളിൽനിന്നുമായി ആറു കോടിയുടെ കാർഷികോപകരണങ്ങൾക്കുള്ള അപേക്ഷയാണു ലഭിച്ചിട്ടുള്ളതെന്നു കൃഷിവകുപ്പ് അധികൃതർ പറഞ്ഞു. ഓരോ ജില്ലയിലും കളക്ടർ ചെയർമാനായും കൃഷി ഡെപ്യൂട്ടി ഡയറക്ടർ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ (അഗ്രികൾച്ചർ)തുടങ്ങി വിവിധ വകുപ്പു തലവന്മാർ അംഗങ്ങളായുമുള്ള സമിതിയാണ് ഗുണഭോക്താക്കളുടെ അന്തിമ പട്ടികയ്ക്ക് അംഗീകാരം നല്കുന്നത്. നാഷണൽ മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ ആൻഡ് ടെക്നോളജി(എൻഎഎംഇടി)യുടെ കീഴിലാണ് സ്മാമിന്റെ പ്രവർത്തനം.സംസ്ഥാന തലത്തിൽ അഗ്രികൾച്ചർ എൻജിനിയറുടെ കീഴിലും ജില്ലാ തലത്തിൽ അഗ്രികൾച്ചർ ഡെപ്യൂട്ടി ഡയറക്ടറുടെ മേൽനോട്ടത്തിലുമാണ് നടത്തിപ്പ്.